"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

പൊതുവിദ്യാഭ്യാസ(ജെ) വകുപ്പ്

നംജെ2/87/ 2020/ പൊ.വി.വ തിരുവനന്തപുരം,തീയതി: 25/02/2021

സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

വിഷയം:- പൊതു വിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് സ്കൂളുകളിൽ 2016 -17 മുതൽ 2019 - 2020 വരെയുള്ള കാലയളവിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ നിയമന അംഗീകാരം - സ്പഷ്ടീകരണം -സംബന്ധിച്ച്

സൂചന:- 1. സ.ഉ(പി) നം.4/2021 /പൊ.വി.വ തീയതി 06/ 02/ 2021
2.താങ്കളുടെ 17-02-2021-ലെ കത്ത് നം. എച്ച്.2/19500/2019/ഡി.ജി.ഇ

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. എയ്ഡഡ് സ്കൂളുകളിൽ 2016 -17 മുതൽ 2019 - 2020 വരെ നിയമിതരായ അധ്യാപക - അനധ്യാപകരുടെ നിയമന അംഗീകാരം സംബന്ധിച്ച ഉത്തരവ് സൂചന പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവു നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സൂചന (2) പ്രകാരം ആവശ്യപ്പെട്ടിരുന്ന സ്പഷ്ടീകരണം ചുവടെ കൊടുക്കുന്നു:-

1. സൂചന ഉത്തരവിലെ ഖണ്ഡിക 4 ഉപഖണ്ഡിക 3(a) യിൽ പരാമർശിച്ച വിധത്തിലുള്ള പുതിയ സ്കൂളുകളിലെ ഒരു തസ്തികയിൽ സംരക്ഷിത അദ്ധ്യാപക നിയമനം നടത്തുകയോ, ഭാവിയിൽ സംരക്ഷിത അദ്ധ്യാപകനിയമനം നടത്തുമെന്ന് സത്യപ്രസ്താവന നൽകിയ മാനേജ്മെന്റുകളിൽ അത്തരത്തിൽ ആദ്യം ഉണ്ടാകുന്ന ഒഴിവിൽ തന്നെ സംരക്ഷിത അദ്ധ്യാപകനെ നിയമിക്കുകയോ വേണമെന്ന വ്യവസ്ഥയിന്മേൽ അത്തരം സ്കൂളുകളിലെ അഡീഷണൽ തസ്തിക, ദീർഘകാല അവധി എന്നിവ ഉൾപ്പെടെ മുഴുവൻ നിയമനങ്ങളും (HTV ഒഴികെ) മറ്റ് തരത്തിൽ യോഗ്യരെങ്കിൽ നിയമന തീയ്യതി മുതൽ നോഷണലായി അംഗീകാരം നൽകാവുന്നതാണ്. സാമ്പത്തികാനുകൂല്യം സൂചന(1) ഉത്തരവ് തീയതി മുതൽ ആയിരിക്കും. സംരക്ഷിതാദ്ധ്യാപകനെ നിയമിക്കേണ്ട ഒഴിവിൽ പ്രസിദ്ധീകരിക്കപ്പെട്ട അധ്യാപക ബാങ്കിൽ നിന്നും വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതിയോടെ മാനേജർക്ക് സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാവുന്നതാണ്. ഇത്തരത്തിൽ ആദ്യം ഉണ്ടാകുന്ന ഒഴിവിൽ തന്നെ വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ സംരക്ഷിത അധ്യാപകരുടെ ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതാണ്.

2. 2016 -17 മുതൽ 2019 -2020 വരെ അധിക തസ്തികകളിൽ നിയമിതരായവരുടെ കാര്യത്തിൽ, സംരക്ഷിതാദ്ധ്യാപക നിയമനം സംബന്ധിച്ച് കോടതി വിധികൾക്ക് വിധേയമായി ഭാവിയിൽ നിയമനം നടത്തുമെന്ന സത്യപ്രസ്താവന നൽകുന്നുവെങ്കിൽ നിയമന തീയതി മുതൽ നോഷണലായി അംഗീകാരം നൽകാവുന്നതാണ്. ഇതിനാവശ്യമായ സമ്മതപത്രത്തിന്റെ മാതൃക സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി നിയമപരിശോധന നടത്തി

പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകേണ്ടതാണ്. നിയമന തീയതി ഏതായാലും സാമ്പത്തിക ആനുകൂല്യങ്ങൾക്ക് 06/02/2021 നു ശേഷമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ. ഇക്കാര്യം വ്യക്തമാക്കിയുള്ള ഉത്തരവ് പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുകയും അത് ബന്ധപ്പെട്ടവർ പാലിക്കുകയും വേണം.

3. 08.03.2019ലെ J2/57/19/പൊ.വി.വ പരിപത്രത്തിൽ വ്യവസ്ഥ ചെയ്ത രീതിയിൽ സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാനേജർ തസ്തിക വിട്ടു നൽകുകയും എന്നാൽ സംരക്ഷിതാദ്ധ്യാപകർ ലഭ്യമല്ലാത്തതിനാൽ ദിവസവേതനാടി സ്ഥാനത്തിൽ താത്കാലികമായി പകരം നിയമിക്കപ്പെടുകയും ചെയ്തവരുണ്ടെങ്കിൽ അത്തരക്കാർ സൂചന ഉത്തരവനുസരിച്ചുള്ള അംഗീകാരത്തിന് അർഹരല്ല.

**എ.ഷാജഹാൻ**
**സെക്രട്ടറി**

Signature Not Verified

അംഗീകാരത്തോടെ

Digitally signed by PARVATHY S A
Date: 2021.02.25 18:30:45 IST
Reason: Approved

സെക്ഷൻ ഓഫീസർ